## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം. നം. 581 | 19.03.2013- ലെ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പു മന്ത്രി |

സാമ്പത്തിക വർഷാവസാനം പദ്ധതി വിഹിതം തിരക്കിട്ട് ചെലവാക്കുന്നതിനെതിരെ നടപടി

| | | |
|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങൾക്കായി വാർഷിക പദ്ധതിയിൽ എത്ര കോടി രൂപയാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2012-13 ലെ വികസന ഫണ്ട്/ പദ്ധതി വിഹിതമായി ആകെ 3228.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സാമ്പത്തിക വർഷം അവസാനിക്കുവാൻ ദിവസങ്ങൾ മാത്രം ശേഷിക്കേ ഇതിൽ എത്ര ശതമാനം ചെലവഴിക്കപ്പെട്ടു എന്നും ഇത് പദ്ധതി ചെലവിനായി സർക്കാർ നിശ്ചയിച്ചിരുന്ന ലക്ഷ്യത്തിന്റെ അടുത്ത് എത്തിയോ എന്നും വ്യക്തമാക്കുമോ; | പ്രാഥമിക കണക്കനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി പ്രവർത്തനങ്ങൾക്കായി 2013 ഫെബ്രുവരി മാസം 28 വരെ 39% തുക ചെലവഴിച്ചു. ഇത് പദ്ധതി ചെലവ് സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യത്തിന് താഴെയാണ്. |
| (സി) | സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ പണത്തിന്റെ ഭൂരിഭാഗവും തിരക്കിട്ട് ചെലവാക്കുന്ന രീതി പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഇല്ലാതാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 02.06.2012 ലെ 31/2012/ധന സർക്കുലർ പ്രകാരം സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലും ഒരു നിശ്ചിത ശതമാനം തുക ചെലവഴിക്കുന്നതിനെ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

Shijuk

സെക്ഷൻ ഓഫീസർ